"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ കുപ്പാടി സർക്കാർ ടിംബർ ഡിപ്പോയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീമതി.എ.ആശാലത, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.441/2021/വനം തീയതി,തിരുവനന്തപുരം, 31/12/2021

---

പരാമർശം:-
1. 19.06.2019-ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ E13(SC18/19/NRK/FOREST) 15130/2019 നമ്പർ കത്ത്
2. 26.08.2021-ലെ FWLD-A2/06/2021-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.
3. 17.09.2021 തീയതിയായി ശ്രീമതി.എ.ആശലത, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക
4. 09.11.2021-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-1746/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വയനാട് ജില്ലയിലെ കുപ്പാടി സർക്കാർ ടിംബർ ഡിപ്പോയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 22.02.2019 തീയതിയിൽ ഒരു മിന്നൽ പരിശോധന നടത്തുകയും വയനാട് കുപ്പാടി തടി ഡിപ്പോയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുമുണ്ടായി .

1. ഹാജർ പുസ്തകത്തിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

2. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും, മൂവ്മെന്റ് രജിസ്റ്ററും ഓഫീസിൽ സൂക്ഷിക്കുകയോ രേഖപ്പെടുത്തലുകൾ നടത്തുകയോ ചെയ്തിട്ടില്ല.

3. 01.01.2018 മുതൽ 05.01.2019 വരെയുള്ള കാലയളവിൽ ലേലം കഴിഞ്ഞ തടിയുടെ വില ഒടുക്കിയ വിവരം, വന വികസന നികുതി, GST, IT ഉടങ്ങിയ വിവരങ്ങൾ ക്യാഷ് ബുക്ക്, ചെലാൻ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

4. പല കേസുകളിലും സ്ഥിരമായി ഒരേ ആൾക്കാർ തന്നെ തടി ലേലത്തിൽ പങ്കെടുക്കുന്നതായി കണ്ടെത്തി.

5. വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ലാതെ യാർഡിൽ തടികൾ സൂക്ഷിച്ചതു കാരണം പ്രസ്തുത തടികൾ ലേലം ചെയ്തതാണോ ഇല്ലയോ എന്ന് തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കി.

മിന്നൽ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വയനാട് കുപ്പാടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമതി.എ.ആശലതക്കെതിരെ ഉചിതമായി നടപടി സ്വീകരിക്കണമെന്ന് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി .**തുടർന്ന് പരാമർശം** (2) **പ്രകാരം ടിയാൾക്കെതിരെ** 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾ സ് 1 5 പ്രകാരം കഠിനശിക്ഷയുള്ള **കുറ്റപത്രം/കുറ്റാരോപണ പത്രിക** നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായിട്ടുള്ള യാത്രയും, അനുവദീനിയമായ ലീവിന്റെയും സർക്കാർ അവധികളുടേയും അടിസ്ഥാനത്തിലാണ് 21.02.2019 മുതൽ 24.02.2019 വരെയുള്ള തീയതികളിൽ കുപ്പാടി ഓഫീസിൽ നിന്നും മാറി നില്ക്കേണ്ടിവന്നതെന്നും, ആയതുകൊണ്ടാണ് ടി ദിവസങ്ങളിലെ വിജിലൻസ് പരിശോധനയിൽ ഭാഗമാകാനോ, ആവശ്യമായ വസ്തുതകളും രേഖകളും കാണിച്ച് വ്യക്തത വരുത്താൻ കഴിയാതിരുന്നതെന്നും കൂടാതെ വിട്ടു പോയ തറ വാടകയും ,ആയതിന്റെ പിഴയും സഹിതം അപാകതയെ കുറിച്ച് നിർദ്ദേശം ലഭ്യമായ വേളയിൽ തന്നെ ബിഡ്ഡറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്നും മനഃപൂർവമല്ലാത്ത ക്ലറിക്കൽ മിസ്റ്റേക്കുകളെ തുടർന്ന് കണ്ടെത്തിയ അപാകതകൾ മേലധികാരിയുടെ അനുമതിയോടെ ആവശ്യമായ രേഖപെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ നടത്തിയിട്ടുണ്ടെന്നും ,ആയതിനാൽ തുടർ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീമതി.എ.ആശലത **പരാമർ ശം** (3) **പ്രകാരം** അഭ്യർഥിക്കുകയുണ്ടായി .

22.02.2019-ലെ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയുടെ പരിശോധനാ വേളയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീമതി.എ.ആശാലത പരിശീലനത്തിന്റെ ഭാഗമായുള്ള യാത്രാവേളയിലായതിനാലാണ് അന്നേ ദിവസം ടിയാൾക്ക് ഓഫീസിൽ ഹാജരാകാൻ സാധിക്കാതിരുന്നതെന്നും അന്നേ ദിവസത്തെ ഓഫീസിലെ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ പരിശോധിക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും സാധിക്കാതെ വന്നതെന്നും ഫീൽഡ് വിഭാഗം ജീവനക്കാരെ സംബന്ധിച്ച് അവരുടെ ഹാജരും, ഡ്യൂട്ടിയുടെയും ആധികാരികത ഉറപ്പ് വരുത്തുന്നത് ടിയാൻമാർ സമർപ്പിക്കുന്ന ടൂർഡയറിയുടെ അടിസ്ഥാനത്തിലാണെന്നും മേൽക്കാലയളവിലെ ടൂർഡയറി മേലുദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതിനാലും ഡിപ്പോ പ്രവർത്തനം മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടായതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്നും പരിശോധന നിർദ്ദേശത്തിന് ശേഷം **പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും, മൂവ്മെന്റ് രജിസ്റ്ററും സൂക്ഷിച്ച്** വരുന്നുണ്ടെന്നും. **വിവരങ്ങൾ ക്യാഷ്ബുക്കിൽ ചേർക്കാതിരുന്നത് ക്ലറിക്കൽ മിസ്റ്റേക്കായി പരിഗണിക്കണമെന്നും ആയത് മൂലം റവന്യൂ നഷ്ടം സംഭവിച്ചിട്ടില്ലെന്നും എം.എസ്.റ്റി.സി.യുടെ കൂടെ നിയന്ത്രണത്തിൽ പൂർണ്ണമായും ഓൺലൈൻ മുഖാന്തിരം**

നടത്തുന്ന ലേലങ്ങളിൽ ഡിപ്പോ ഉദ്യോഗസ്ഥരുടെ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ലേലത്തിൽ നിന്ന് രജിസ്റ്റർ ചെയ്ത് ആളുകളെ ഒഴിവാക്കുവാനോ, തടസ്സപ്പെടുത്തുവാനോ സാധിക്കുകയില്ലെന്നും ഓൺലൈൻ ലേലമായതിനാൽ ഏത് കോണിൽ നിന്നും ആർക്കുവേണമെങ്കിലും ലേലത്തിൽ പങ്ക് കൊള്ളാവുന്നതുമാണെന്നും ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല എന്നതിനാലും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീമതി. ആശലത സമർപ്പിച്ച പ്രതിവാദപത്രികയിലെ പ്രസ്താവന കണക്കിലെടുത്തും ടിയാൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി അവസാനിപ്പിക്കാവുന്നതാണെന്നാണ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.ഓഫീസിൽ അവശ്യം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും,ക്യാഷ് ബുക്ക് ഉൾപ്പെടെ,കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുക, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നുണ്ട് എന്ന് ഉറപ്പ വരുത്തുക, ഹാജർ പുസ്തകത്തിൽ ശരിയായ രേഖപ്പെടുത്തലുകൾ വരുത്തുക , തുടങ്ങിയവ ഓഫീസറുടെ പ്രാഥമിക കർത്തവ്യത്തിൽപ്പെട്ടവയാണ്. കൂടാതെ ചട്ടങ്ങൾ, കോഡുകൾ, സർക്കാർ ഉത്തരവുകൾ നടപടിക്രമങ്ങൾ എന്നിവ പാലിക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ സാധൂകരിക്കാനാവില്ല.എന്നിരുന്നാലും മേൽ വിഷയത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും, ശ്രീമതി.എ.ആശാലത, റേഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച വിശദീകരണം കണക്കിലെടുത്തും ഉദാരപരമായ സമീപനം കൈക്കൊണ്ട് ശ്രീമതി.ആശാലത, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് മേലിൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വേളയിൽ കൂടുതൽ ആവധാനതയോടെ ചെയ്യുന്നതിനായി സെൻഷ്വർ (ശാസന ) ശിക്ഷ നൽകി ടിയാൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി **ഉത്തരവ് പുറപ്പെടുവിക്കുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പ്രേമൻ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീമതി.എ.ആശാലത, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് (14/12/2021 -ലെ 238/ഇ4/19/വിജ്. നമ്പർ കത്ത് പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 31-12-2021 13:06:21
Reason: Approved

സെക്ഷൻ ഓഫീസർ